
# ക്രിസ് വോയ്സ്

ലക്കം 03 | പുസ്തകം 06

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ



മാർച്ച് 2026

രക്ഷാധികാരി
**റവ.ഫാ. ജിബിൻരാജ്**

ചീഫ് എഡിറ്റർ
**എസ്.ഒ. ഷാജികുമാർ**

എഡിറ്റേഴ്സ്
**അതുൽ. പി.എസ്**
**രമണി റോസ്**
**സുലോചന**
**ആൻസി. എസ്.എസ്**
**എസ്. സുധ**

ലേ ഔട്ട് & അച്ചടി
**ജനനി പ്രിന്റ് മീഡിയ**
തിരുവനന്തപുരം
ഫോൺ : 9747 000 876


## ഉള്ളടക്കം


ഇടയസ്വരം.................................... 3
ഞായറാഴ്ച വചന വായനകൾ .......... 3
എഡിറ്റേഴ്സ് വോയ്സ്...................... 4
വീണ്ടുമൊരു നോമ്പുകാലം ................ 5
പരാജയം അവസാനമല്ല.................... 6
ക്രിസ് വോയിസ് ക്വിസ് ചോദ്യങ്ങൾ...... 7
ക്രിസ് വോയ്സ് ക്വിസ് 4 ശരി ഉത്തരം ലഭിച്ചവർ ...................................... 7
മാർച്ച് മാസം ബി.സി.സി. യോഗങ്ങൾ ... 8
2026 ജനുവരി മാസം വരി തന്നവരുടെ പേരുവിവരം ................... 9
2026 ജനുവരി മാസത്തെ വരവ്-ചെലവ് കണക്കുകൾ ........... 10-12
അന്ത്യയാത്ര .................................. 12
ക്രിസ് വോയിസ് ക്വിസ് 4 ഉത്തരങ്ങൾ.. 14



**ഇടവക ബുള്ളറ്റിൻ** : Private Circulation Only


**അടുത്തലക്കം ക്രിസ് വോയ്സ് പ്രസിദ്ധീകരിക്കുന്നതിനുള്ള സാഹിത്യ സൃഷ്ടികളും ആശംസകളും ഫോട്ടോകളും മാർച്ച് 22ന് മുമ്പ് ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതാണ്.**



6-ാം ജന്മദിനം ആഘോഷിക്കുന്ന
**വൈഗ ജോയിക്ക്**
ജന്മദിനാശംസകൾ



16-ാം ജന്മദിനം ആഘോഷിക്കുന്ന
**ആൻജോ. എസ്.എസിന്**
ജന്മദിനാശംസകൾ






# ഇടയസ്വരം



**ഫാ. ജിബിൻരാജ്**
ഇടവക വികാരി

മാമ്പഴത്തിന് പേര് കേട്ട ഒരു ഗ്രാമം. ആ ഗ്രാമത്തിലെ എല്ലാ കർഷകരും മാമ്പഴം കൃഷി ചെയ്ത് വലിയ വരുമാനം സമ്പാദിച്ചിരുന്നു. ഈ ഗ്രാമത്തിലെ പ്രധാന വരുമാനവും ഈ മാമ്പഴ കൃഷി തന്നെയായിരുന്നു. ഒരിക്കൽ ഗ്രാമത്തിലെ കൃഷിത്തോട്ടത്തിലെല്ലാം ഒരു വൈറസ് ബാധയുണ്ടായി. മാവുകളെല്ലാം വാടിക്കരിഞ്ഞു തുടങ്ങി. വൈറസ് നിയന്ത്രണാതീതമാണെന്ന് കണ്ട് കർഷകർ തങ്ങൾക്കുണ്ടായിരുന്ന മാവുകളെ മുറിച്ചുമാറ്റി മറ്റു കൃഷികൾ ചെയ്യാൻ തുടങ്ങി. എന്നാൽ ഒരു കർഷകൻ മാത്രം തന്റെ അരുമയായ മരങ്ങളെ പരിപാലിച്ചു. അവയ്ക്ക് പഴയതുപോലെതന്നെ വെള്ളവും വളവും നൽകി. മറ്റു കർഷകർ അവനെ നോക്കി പരിഹസിച്ചു. എന്നാൽ കുറച്ചുനാൾ കഴിഞ്ഞു. വൈറസിന്റെ ശക്തി കുറഞ്ഞുവന്നു. മരങ്ങൾ വൈറസിനെതിരെ പ്രതിരോധം തീർത്തു തുടങ്ങി. അത് വീണ്ടും തളിരിടാൻ തുടങ്ങി. ആ വർഷം ഈ കർഷകന്റെ മാവുകൾ നല്ല വിളവ് നൽകി. കച്ചവടക്കാർ അദ്ദേഹത്തിന്റെ പക്കലേക്ക് ഒഴുകി. വിപണിയിൽ മാമ്പഴം കുറഞ്ഞ ആ സമയത്ത് ഏറ്റവും നല്ല വിലയിൽ ആ മാമ്പഴങ്ങൾ വിറ്റു.

ക്രിസ്തുവിൽ പ്രിയരേ, നമ്മുടെ ആത്മീയതയാകുന്ന കൃഷിത്തോട്ടത്തിൽ ചില കുറവുകൾ സംഭവിക്കുമ്പോൾ ആത്മീയ പോഷണം അവസാനിപ്പിക്കാതെ വീണ്ടും പരിപോഷിപ്പിച്ചു കൊണ്ടേയിരിക്കണം. അങ്ങനെ മരുഭൂമി അനുഭവങ്ങൾ ഭാവിയിൽ കാനാൻ അനുഭവങ്ങളായി മാറും. നോമ്പ് അനുഷ്ഠിക്കുന്ന ഓരോ വിശ്വാസിയും മുറിഞ്ഞുപോകുന്ന നോമ്പ് തീരുമാനങ്ങളെ ഓർത്ത് പരിതപിച്ച് ശ്രമം ഉപേക്ഷിക്കാതെ തുടർന്ന് കൊണ്ടേയിരിക്കണം. അങ്ങനെ നോമ്പുകാലം കഴിഞ്ഞ് പുതുനാമ്പിന്റെ കുരുത്തോലയും ഉയർപ്പിന്റെ ശോഭയും നമ്മിൽ പ്രകടമാകും. അങ്ങനെ ജീവിതം വിജയമകുടം ചൂടും.

## ഞായറാഴ്ച വചന വായനകൾ

**മാർച്ച് 1 (തപസുകാലം രണ്ടാം ഞായർ)**
ഒന്നാം വായന : ഉത്പ 12:1– 4a
സങ്കീർത്തനം : 33:4 – 5,19,20+22
രണ്ടാം വായന : 2 തിമോ 1:8b 10
സുവിശേഷം : മത്തായി 17:1– 9

**മാർച്ച് 7 (തപസുകാലം മൂന്നാം ഞായർ)**
ഒന്നാം വായന : പുറ 17:3 – 7
സങ്കീർത്തനം : 95:1 – 2,6 – 7,8 – 9
രണ്ടാം വായന : റോമാ 5:1 – 8
സുവിശേഷം : യോഹ 4:5 – 42

**മാർച്ച് 15 (തപസുകാലം നാലാം ഞായർ)**
ഒന്നാം വായന : 1 സാമു 16:1b, 67,1013a
സങ്കീർത്തനം : 23:1 – 3a, 3b4,5,6
രണ്ടാം വായന : എഫേ 5:8 – 14
സുവിശേഷം : യോഹ 9:1 – 41

**മാർച്ച് 22 (തപസുകാലം അഞ്ചാം ഞായർ)**
ഒന്നാം വായന : എസെ 37:12 – 14
സങ്കീർത്തനം : 130:1 – 2,3 – 4ab, 4c6, 78
രണ്ടാം വായന : റോമാ 8:8 – 11
സുവിശേഷം : യോഹ 11:1 – 45

**മാർച്ച് 29 (ഓശാന ഞായർ)**
ഒന്നാം വായന : ഏശ 50:4 – 7
സങ്കീർത്തനം : 22:7 – 8, 16 – 17
18 – 19, 22 – 23
രണ്ടാം വായന : ഫിലി 2:6 – 11
സുവിശേഷം : മത്തായി 26:14 – 27:66






**എസ്.ഒ. ഷാജികുമാർ**
ചീഫ് എഡിറ്റർ

പ്രിയരേ,

കാത്തിരിപ്പിനൊടുവിൽ നിയമസഭ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് തൊട്ട് മുൻപ് നമ്മുടെ ആവശ്യങ്ങൾ തത്വത്തിൽ അംഗീകരിക്കാൻ സർക്കാർ നിർബന്ധിതമായിരിക്കുന്നു. കഴിഞ്ഞ 'ക്രിസ് വോയ്സ്' എഡിറ്റോറിയൽ ഈ വിഷയം വ്യക്തമാക്കിയിരുന്നു. കെ.ആർ.എൽ.സി.സി., കെ.എൽ.സി.എ എന്നീ പ്രസ്ഥാനങ്ങളുടെ അവസരോചിതമായ ഇടപെടലുകൾ ഫലം കണ്ട ഈ വേളയിൽ കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നമ്മുടെ സമുദായവുമായി ഒരു ബന്ധവുമില്ലാത്ത സവർണ ലോബികളും ലത്തീൻ വിരുദ്ധരും ആസൂത്രിതമായി തിരുകിക്കയറ്റിയ '1947' എന്ന മാനദണ്ഡം എടുത്തു കളയുന്നതുൾപ്പടെ 32 കാര്യങ്ങൾ അംഗീകരിച്ചത് നമുക്ക് ഏറെ ആശ്വാസം പ്രദാനം ചെയ്യുന്നതാണ്. നെയ്യാറ്റിൻകര മുതൽ സുൽത്താൻപെട്ട് വരെ വ്യാപിച്ചുകിടക്കുന്ന 12 ലത്തീൻ രൂപതകളുടെ സാമൂഹ്യ അവകാശങ്ങൾക്കായുള്ള കൂട്ടായ്മയുടെ വിജയം കൂടിയാണിത് സൂചിപ്പിക്കുന്നത്. ഈ നേട്ടത്തിന് പിന്നിൽ ഒറ്റക്കെട്ടായി ത്യാഗപൂർവം നീണ്ടനാളത്തെ പോരാട്ടങ്ങൾക്ക് പിന്തുണ നൽകിയ എല്ലാ 'ക്രിസ് വോയ്സ്' വായനക്കാർക്കും അഭിനന്ദനങ്ങൾ.



6-ാം ജന്മദിനം ആഘോഷിക്കുന്ന
**ആൻ. വി.ആറിന്**
ജന്മദിനാശംസകൾ



6-ാം ജന്മദിനം ആഘോഷിക്കുന്ന
**അന്ന. വി.ആറിന്**
ജന്മദിനാശംസകൾ



# വീണ്ടുമൊരു നോമ്പുകാലം

## മീഡിയ മിനിസ്ട്രി തിരുപുറം

പ്രിയമുള്ളവരേ,

വീണ്ടുമൊരു നോമ്പ് കാലം ആഗതമായിരിക്കുന്നു. ഈ അവസരം നമ്മുക്ക് പങ്കുവയ്ക്കലിന്റെയും, ആത്മീയ വളർച്ചയുടെയും, പാപബന്ധനങ്ങളിൽ നിന്നുള്ള മോചനത്തിന്റെയും ദിനങ്ങളാക്കുവാൻ പ്രയത്നിക്കാം.

അലക്സാണ്ട്രിയായിലെ വി. സിറിൽ പറയുന്നു, **'ഉരുകിയ മെഴുക് മറ്റ് മെഴുകുമായി ഒന്നാകുന്നതുപോലെ, ദിവ്യകാരുണ്യ സ്വീകരണം നമ്മളെ ക്രിസ്തുവുമായി പൂർണ്ണമായി ഐക്യപ്പെടുത്തുന്നു'.** നമ്മോടൊപ്പം ആയിരിക്കുവാൻ സ്വയം മുറിഞ്ഞുകൊണ്ട് ബലിയായ ക്രിസ്തുവിൽ നമുക്കും അനുദിന ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ ഒന്നാകാൻ ഈ നോമ്പ് കാലം ഉപയോഗിക്കാം.

നമുക്ക് ദാനധർമ്മവും വിനയവും വളർത്താം. 'നമുക്ക് ദാനം ചെയ്യാം, കാരണം അവ നമ്മുടെ ആത്മാക്കളെ പാപത്തിന്റെ കറകളിൽ നിന്ന് ശുദ്ധീകരിക്കുന്നു' എന്ന വി. ഫ്രാൻസിസ് അസ്സീസിയുടെ ഈ വാക്കുകളെ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാം. ഈ നോമ്പ് കാലയളവിൽ നാം ശേഖരിക്കുന്ന കുഞ്ഞ് കുഞ്ഞ് സമ്പാദ്യങ്ങൾ മറ്റുള്ളവരെ സഹായിക്കാൻ വിനിയോഗിക്കാം. ഈ എളിയ ത്യാഗം നമ്മുടെ പാപ അവസ്ഥകളിൽ നിന്നും പൂർണ്ണ മോചനത്തിനായി സമർപ്പിക്കാം. മറ്റുള്ളവരിൽ നിന്നും നമുക്ക് ഉണ്ടാകുന്ന പ്രയാസങ്ങളും വേദനകളും ക്രിസ്തുവിന്റെ കുരിശിനോട് ചേർത്തുവച്ചുകൊണ്ട് ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്ക് വേണ്ടി സമർപ്പിക്കാം.

**സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത് (മത്തായി 25 : 40)**

നമ്മുടെ എളിയ സഹോദരങ്ങളുടെ വേദനകളിലും പ്രയാസങ്ങളിലും അവരെ സഹായിക്കാം. നമ്മുടെ ചെറിയ കൈത്താങ്ങുകൾ അവരിൽ പ്രത്യാശയുടെ തിരിനാളങ്ങൾ തെളിയിക്കട്ടെ. അങ്ങനെ നമ്മുടെ ചുറ്റുമുള്ളവരിൽ ക്രിസ്തുവിനെ കണ്ടുകൊണ്ട് അവർക്ക് താങ്ങായി തണലായി നിന്നുകൊണ്ട് കരുണയുടെ തീർത്ഥാടകരായി മുന്നേറാം.

നമ്മുടെ നോമ്പ് അനുഷ്ഠാനം കേവലം ഒരു ആചാരത്തിന്റെ ഭാഗമായി മാറാതിരിക്കുവാൻ നമുക്ക് ശ്രദ്ധിക്കാം. ഈ നോമ്പുകാലത്ത് എടുക്കുന്ന നല്ല തീരുമാനങ്ങൾ നമ്മുടെ തുടർന്നുള്ള ജീവിതത്തിലും അനുകരിക്കാം. ഒരു ക്രിസ്ത്യാനി എന്ന് പറയുന്നതിന്റെ അർത്ഥം തന്നെ ക്രിസ്തുവിന്റെ അനുയായി എന്നാണല്ലോ, ക്രിസ്തുവിനെ മാതൃകയാക്കി ക്രിസ്തുവിന്റെ അനുയായിയായി ഈ കുഞ്ഞ് സമൂഹത്തിനും ഈ ലോകത്തിനും സാക്ഷികളാകാം. ഏവർക്കും നല്ലൊരു നോമ്പ് കാലം ആശംസിക്കുന്നു.



# പരാജയം അവസാനമല്ല....



**അനൂപ്. എ.സി**
സെക്രട്ടറി
മീഡിയ മിനിസ്ട്രി
തിരുപുറം

പ്രിയമുള്ളവരേ,

ഒരു പരീക്ഷയിൽ തോറ്റതുകൊണ്ടോ, ഒരു സ്വപ്നം തകർന്നതുകൊണ്ടോ, ഒരു അവസരം നഷ്ടപ്പെട്ടതുകൊണ്ടോ ജീവിതം നിർത്തപ്പെടുന്നില്ല. നമ്മൾ "ഇവിടെ എല്ലാം തീർന്നു" എന്ന് കരുതുന്ന നിമിഷങ്ങളിലാണ് ദൈവം നിശ്ശബ്ദമായി പുതിയ അധ്യായം എഴുതിത്തുടങ്ങുന്നത്.

ജീവിതത്തിലെ ഓരോ തകർച്ചയും നമ്മെ കൂടുതൽ ശക്തരാക്കാനുള്ള പരിശീലനമായിരിക്കും. നമ്മൾ നഷ്ടമായി കാണുന്ന നിമിഷങ്ങൾ പോലും ദൈവത്തിന്റെ കൈകളിൽ അർത്ഥവത്താകുന്നു. ചിലപ്പോൾ ദൈവം നമ്മുടെ വഴി മാറ്റുന്നത് നമ്മെ ശിക്ഷിക്കാനല്ല, നമ്മെ ശരിയായ ലക്ഷ്യത്തിലേക്ക് നയിക്കാനാണ്.

അടഞ്ഞ വാതിലുകൾ നമ്മെ നിരാശപ്പെടുത്തുമ്പോഴും, അവയുടെ പിന്നിൽ തുറക്കാൻ ഒരുങ്ങുന്ന പുതിയ വഴികൾ ഉണ്ടാകാം. കണ്ണുനീർ നിറഞ്ഞ രാത്രികൾ പലപ്പോഴും ആത്മാവിനെ ശക്തമാക്കുന്ന പ്രഭാതങ്ങൾക്ക് മുൻപുള്ള നിമിഷങ്ങളാണ്.

നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ് വീഴ്ചകൾ നമ്മെ നിർവചിക്കുന്നില്ല; ദൈവത്തിന്റെ സ്നേഹമാണ് നമ്മുടെ യഥാർത്ഥ തിരിച്ചറിയൽ. നാം വീണ്ടും എഴുന്നേറ്റ് നടക്കാൻ തീരുമാനിക്കപ്പെടുമ്പോൾ, പരാജയം പോലും വിജയത്തിന്റെ അടിത്തറയായി മാറുന്നു.



12-ാം ജന്മദിനം ആഘോഷിക്കുന്ന
**ജൂലിയറ്റ് മരിയ. ജെ.ജെ യ്ക്ക്**
ജന്മദിനാശംസകൾ



6-ാം ജന്മദിനം ആഘോഷിക്കുന്ന
**അഡോൺ ക്രിസ്റ്റി. എ.പി യ്ക്ക്**
ജന്മദിനാശംസകൾ

## ക്രിസ് വോയിസ് - 5 | വി. യോഹന്നാൻ 1-4

1. പ്രവാചകൻ സ്വന്തം നാട്ടിൽ ബഹുമാനിക്കപ്പെടുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തിയതാര് ?
2. പുത്രനിൽ വിശ്വസിക്കുന്നവന് ........................................................ ലഭിക്കുന്നു.
3. മനുഷ്യനിലുള്ളത് എന്താണെന്ന് വ്യക്തമായി അറിഞ്ഞിരുന്നതാര് ?
4. യോഹ 1:23 ന് സമാനമായ പഴയനിയമ ഭാഗം ?
5. യോഹ 1:49 ന് സമാനമായ പഴയനിയമ ഭാഗം?
6. ദൈവം അളന്നല്ല .............................................. നെ കൊടുക്കുന്നത്.
7. തിരുനാളിൽ ജറുസലെമിൽ യേശു ചെയ്ത കാര്യങ്ങൾ അവർ കണ്ടിരുന്നു. അവർ ആര്?
8. യോഹന്നാന്റെ സുവിശേഷമനുസരിച്ച് യേശുവിന്റെ ആദ്യശിഷ്യന്മാർ ആരെല്ലാം ?
9. ക്രിസ്തു എന്ന പദത്തിന്റെ അർഥം ?
10. അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പഴയ നിയമഭാഗം ?
11. യേശു സ്നാനപ്പെടുത്തിയത് ആരെയാണ് ?
12. യൂദയായിൽ നിന്നും ഗലീലിയിലേയ്ക്ക് വന്നപ്പോൾ യേശു പ്രവർത്തിച്ച രണ്ടാമത്തെ അടയാളമെന്ത് ?
13. ആർക്കാണ് ദൈവമക്കളാകാൻ കഴിവ് നൽകപ്പെട്ടത് ?
14. കൃപയും സത്യവും ആരുവഴി ഉണ്ടായി ?
15. യാക്കോബ് തന്റെ മകൻ ജോസഫിനു നൽകിയ വയലിനടുത്തുള്ള പട്ടണം ഏത് ?
16. മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയ സംഭവം വിവരിക്കുന്ന പഴയനിയമ ഭാഗം ?
17. ഞാനും ഇവനെ അറിഞ്ഞിരുന്നില്ല ആരുടെ വാക്കുകൾ ?
18. ദൈവം അയച്ച മനുഷ്യനാര് ?
19. എന്താണ് യേശുവിന്റെ ഭക്ഷണം ?
20. ദൈവം ആത്മാവാണ് അധ്യായം ? വാക്യം?
21. യോഹന്നാന്റെ സുവിശേഷത്തിൽ വന്നു കാണുക എന്നു പറയുന്നത് ആരൊക്കെയാണ് ?
22. അവൻ വളരുകയും ഞാൻ കുറയുകയും വേണം. അദ്ധ്യായം ? വാക്യം ?
23. ....................................... പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു.
24. യേശുവിന്റെ അടുക്കൽ വന്ന് തങ്ങളോടൊത്ത് വസിക്കണമെന്ന് അപേക്ഷിച്ചതാര് ?
25. രാജസേവകന്റെ മകന്റെ പനി വിട്ടുമാറിയത് ഏതു മണിക്കൂറിലാണ് ?

**ഉത്തരങ്ങൾ മാർച്ച് 20 വൈകുന്നേരം 7 മണിക്ക് മുമ്പ് ഇടവക ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.**

### ക്രിസ് വോയ്സ് ക്വിസ് 4 ശരി ഉത്തരം ലഭിച്ചവർ

1. സജിത വി.എസ്
2. ബീനാഷാജി
3. ഷീബാറാണി
4. രാഗി. എ.എസ്
5. ഗീതുമോൾ. വി.എസ്
6. ഷീജാബെറ്റി
7. സുധ. എസ്
8. ആരോൺ എസ് അലോഷ്യസ്
9. ലിജി. ബി.ആർ
10. ലില്ലി. കെ
11. നിബി സാന്റ്റ ബി.എസ്

| 2026 മാർച്ച് മാസം ബി.സി.സി. യോഗങ്ങൾ | | |
|---|---|---|
| **യൂണിറ്റ്** | **ദിവസം** | **ഭവനം** |
| താഴയ്ക്കാമണ്ണടി | 14.03.26<br>29.03.26 | ഷിജു<br>വിപിൻ |
| മണ്ണക്കൽ | 14.03.26<br>29.03.26 | നിമിൽ<br>അജു |
| മലഞ്ചരിക് | 08.03.26<br>22.03.26 | സുജൻ<br>ശലികുമാർ |
| ചില്ലിൻവിള | 14.03.26<br>29.03.26 | ഷാജിൻ<br>ശശി |
| പുത്തൻകട | 14.03.26<br>22.03.26 | തങ്കപ്പൻ<br>സ്റ്റീഫൻ |
| മുടന്താന്നി | 14.03.26<br>22.03.26 | സത്യൻ<br>അഖിൽ കുമാർ |
| കുളങ്ങരവിള | 14.03.26<br>28.03.26 | ഗ്രേസി<br>ബാബുരാജൻ |
| പുന്നയ്ക്കാവിള | 08.03.26<br>22.03.26 | രത്തിൻ രാജ്<br>സുലോചന |
| കടവിള | 08.03.26<br>29.03.26 | പത്രോസ്<br>ബിജു |
| പള്ളിമന | 14.03.26<br>22.03.26 | ബൻസിഗർ<br>മനുലാൽ |
| മോന്തിവിള | 08.03.26<br>22.03.26 | വിജയൻ<br>ഗോപി |
| മണലിക്കടവ് | 14.03.26<br>29.03.26 | ക്രിസ്തുദാസ്<br>രാജു |
| കാരയ്ക്കാവിള | 08.03.26<br>22.03.26 | നേശമണി<br>ദേവസഹായം |
| പണ്ടാരത്തോട്ടം | 14.03.26<br>22.03.26 | ജനാർദ്ദനൻ<br>ബെൻസിലാൽ |
| വലിയവിള | 14.03.26<br>29.03.26 | അനൂപ്<br>ഫ്രാൻസിസ് |
| പ്ലാന്തോട്ടം | 14.03.26<br>29.03.26 | ജോയി<br>ആൽബിൻ |
| പഴയകട | 08.03.26<br>22.03.26 | ബാബു<br>സനൽകുമാർ |
| പട്ട്യക്കാല | 08.03.26<br>29.03.26 | ജസ്റ്റിൻരാജ്<br>ലൈല |

| 2026 ജനുവരി മാസം വരി തന്നവരുടെ പേര് വിവരം | |
|---|---|
| 1. ക്രിസ്തുരാജൻ, പഴയകട | 700 |
| 2. ശ്രീകാന്ത്, പഴയകട | 500 |
| 3. ഗീത, കാരയ്ക്കാവിള | 450 |
| 4. അശോക് കുമാർ, പട്ട്യക്കാല | 450 |
| 5. ശ്രീകുമാർ, താഴയ്ക്കാമണ്ണടി | 300 |
| 6. അനിൽകുമാർ എസ്.എൽ., മണലിക്കടവ് | 100 |
| 7. അനീഷ്കുമാർ എസ്. എൽ., താഴയ്ക്കാമണ്ണടി | 100 |
| 8. വിപിൻജിത്ത് വി.പി. | 2500 |
| 9. മധു, പുന്നയ്ക്കാവിള | 300 |
| 10. പ്രദീപ്, മലഞ്ചെരിക് | 600 |
| 11. ഫ്രാൻസിസ് സാർ, പ്ലാന്തോട്ടം | 1800 |
| 12. ജോയി റ്റി. എസ്., മോന്തിവിള | 400 |
| 13. സൈമൺ, താഴയ്ക്കാമണ്ണടി | 200 |
| 14. രാജേഷ്കുമാർ എസ്.ആർ., മണലിക്കടവ് | 200 |
| 15. അനീഷ് എൻ.എസ്., താഴയ്ക്കാമണ്ണടി | 1500 |
| 16. ബർണാഡ് (അർജുനൻ) പട്ട്യക്കാല | 400 |
| 17. പ്രേംകുമാർ, മുടന്താന്നി | 150 |
| 18. ഷാജികുമാർ എസ്.ഒ., താഴയ്ക്കാമണ്ണടി | 450 |
| 19. രാഖി എ.എസ്., പുത്തൻകട | 50 |
| 20. കൃഷ്ണൻ നാടാർ, മണലിക്കടവ് | 370 |
| 21. ഐവിൻ ജോസഫ്, മണലിക്കടവ് | 4000 |
| 22. ചന്ദ്രൻ, മണലിക്കടവ് | 275 |
| 23. അഖിൽ ആർ., മോന്തിവിള | 500 |
| 24. അനിൽ, മോന്തിവിള | 200 |
| 25. ജോയിമോൻ, പഴയകട | 6600 |
| 26. വിൻസെന്റ്, മണലിക്കടവ് | 300 |
| 27. ചെല്ലക്കുട്ടൻ, ചില്ലിൻവിള | 250 |
| 28. അഭിലാഷ്, പുന്നയ്ക്കാവിള | 100 |
| 29. ആഷ്കുമാർ എം.എൽ., മണലിക്കടവ് | 750 |
| 30. ചെല്ലക്കുട്ടൻ, പഴയകട | 500 |
| 31. രാജയ്യൻ, പുത്തൻകട | 2000 |
| 32. റസലയ്യൻ, മോന്തിവിള | 1100 |
| 33. നിജിൻ ആനന്ദ്, മുടന്താന്നി | 3500 |
| 34. ജോർജ്, മണ്ണക്കൽ | 1200 |
| 35. ബർണാഡ്, ചില്ലിൻവിള | 5000 |
| 36. സാബു, താഴയ്ക്കാമണ്ണടി | 4200 |
| 37. ജിനിൽ ആർ., ചില്ലിൻവിള | 3500 |
| 38. സുകുമാരൻ, വലിയവിള | 200 |
| 39. അഖിൽ കുമാർ ജെ., മുടന്താന്നി | 250 |
| 40. അഖിൽ, പുന്നയ്ക്കാവിള | 600 |
| **ആകെ** | **46,545** |

## 2026 ജനുവരി മാസത്തെ വരവ് – ചെലവ് കണക്കുകൾ

**വരവ്**

| | | |
|---|---|---|
| 01.01.2026 | പുതുവർഷ പാതിര കുർബ്ബാന കാണിക്ക | 4943 |
| | പ്രഭാത ദിവ്യബലി കാണിക്ക | 822 |
| 04.01.2026 | ഞായർ 1 ദിവ്യബലി കാണിക്ക | 2931 |
| | കാഴ്ചവയ്പ് ലേലം മണ്ണങ്കല്ല് | 2080 |
| | 2. ദിവ്യബലി കാണിക്ക | 3386 |
| 04.12.2025 | ഷീല കടവിള ഓസ്തി & വീഞ്ഞ് നേർച്ച | 325 |
| | സന്ധ്യ, കാരയ്ക്കാവിള ഓസ്തി | 150 |
| 08.01.2026 | തങ്കയ്യൻ നാടാർ അനുസ്മരണ ദിവ്യബലി കാഴ്ചവയ്പ് | 1860 |
| 10.01.2026 | സബിൻ പള്ളിമനയുടെ മകന്റെ ജ്ഞാനസ്നാന ദിനം ഒരു സ്വർണ്ണ കോയിൻ സംഭാവന നൽകി | |
| | ജ്ഞാനസ്നാന ദിവ്യബലി കാഴ്ചവയ്പ് | 1200 |
| 18.12.2025 | വീഡിയോ ചാർജ് ഇനത്തിൽ | 1000 |
| 11.01.2026 | ഞായർ 2 ദിവ്യബലി കാണിക്ക | 19023 |
| | കാഴ്ചവയ്പ് മലഞ്ചെരിക് | 2370 |
| | നവദമ്പതികളായ പഴയകട ബിസിസിയിലെ അമൽ വി & രേഷ്മ ഗിൽഡൻ ഒരു സ്വർണ്ണ വള കാഴ്ചവച്ചു | |
| 11.01.2026 | ഞായർ 2 ദിവ്യബലി കാണിക്ക | 26734 |
| | ക്രിസ്മസ് ലേല വരവ് | 620 |
| 14.01.2026 | മോൺ ജി. ക്രിസ്തുദാസ് അച്ചന്റെ സുവർണ്ണജൂബിലി ദിവ്യബലി കാഴ്ചവയ്പ് | 4300 |
| 18.01.2026 | ഞായർ 1 ദിവ്യബലി കാണിക്ക | 3900 |
| | കാഴ്ചവയ്പ് കടവിള ബിസിസി | 3366 |
| | മുൻ ലേലവരവ് (സാരി) | 400 |
| | ഞായർ 2 ദിവ്യബലി കാണിക്ക | 3756 |
| | പള്ളി കുരിശ്ശടി കാണിക്ക | 12908 |
| | സ്വർണ്ണപൊട്ട് ഒരെണ്ണം | |
| | പട്യക്കാല കുരിശ്ശടി കാണിക്ക | 4166 |
| | പണ്ടാരത്തോട്ടം കുരിശ്ശടി കാണിക്ക | 2699 |
| | പണ്ടാരത്തോട്ടം സാരി | 2 എണ്ണം |
| | പുന്നയ്ക്കാവിള കുരിശ്ശടി കാണിക്ക | 1222 |
| | കട്ടവിള കുരിശ്ശടി കാണിക്ക | 663 |
| | ചില്ലൻവിള കുരിശ്ശടി കാണിക്ക | 1818 |
| | നോട്ടുമാല ഒരെണ്ണം | 500 |
| | താഴയ്ക്കാമണ്ണടി കുരിശ്ശടി കാണിക്ക | 338 |
| | താഴയ്ക്കാമണ്ണടി നോട്ടുമാല രണ്ടെണ്ണം (300+250) | 550 |
| | പുത്തൻകട കുരിശ്ശടി കാണിക്ക | 1871 |
| 22.01.2026 | ഓസ്തി നേർച്ച ഇനത്തിൽ | 750 |
| 25.01.2026 | ഞായർ 1 ദിവ്യബലി കാണിക്ക | 2835 |

| | | |
|---|---|---|
| | കാഴ്ചവയ്പ് ലേലം ചില്ലിൻവിള | 2460 |
| | ഞായർ 2 ദിവ്യബലി കാണിക്ക | 4105 |
| | തിരുസ്വരൂപത്തിലെ കോയിൻ | |
| | ജപമാല രണ്ടെണ്ണം | 750 |
| | സാരി ലേല ഇനത്തിൽ | 1250 |
| | മുൻ ലേലവരവ് | 1250 |
| 26.01.2026 | നിജിൻ, മുടന്താന്നി ഓസ്തി നേർച്ച | 600 |
| | കരോൾ വിഹിതം നാല് ബിസിസി | 9750 |
| | തിരുന്നാൾ പൂ വിഹിതം രണ്ട് ബിസിസി | 3260 |
| | തിരുന്നാൾ സംഭാവന ഇനത്തിൽ | 12070 |
| | മാസവരി ഇനത്തിൽ | 46545 |
| | **ആകെ** | **195525** |
| | **ചെലവ്** | |
| 01.01.2026 | മൈക്ക്-കേബിൾ വാടക ഇനത്തിൽ | 1300 |
| 01.12.2025 | തിരുനാളിനു പേപ്പർ സൂര്യകാന്തി | |
| | പൂവ് ചെയ്തതിന് | 1166 |
| 18.12.2025 | രജിസ്റ്റർ പ്രിന്റിംഗ് | 350 |
| 24.12.2025 | പുൽക്കൂടിന് വേണ്ടി സാധനങ്ങൾ വാങ്ങിയത് | 400 |
| 27.12.2025 | ഹരിതകർമ്മ സേനയുടെ യൂസർ ഫീ | 300 |
| 28.12.2025 | ഫ്ളക്സ് പ്രിന്റിംഗ് | 360 |
| 31.12.2025 | അൽത്താര ബാലന്മാർക്ക് മൊമെന്റോ | 1350 |
| 30.12.2025 | ചെറിയ ഓസ്തി | 675 |
| 31.12.2025 | കുർബ്ബാന തിരി | 420 |
| | അൾത്താര അലങ്കാരത്തിന് പൂവ് വാങ്ങിയത് | 4070 |
| 03.01.2026 | പുസ്തകം വാങ്ങിയത് വെള്ളയമ്പലം | |
| | കാർമ്മൽ, ഓൾസെയിന്റ്സ് (370+1700+195) | 2265 |
| | ക്രിസ്റ്റ് വോയ്സ് പ്രിന്റിംഗ് ചാർജ്ജ് | 4700 |
| 04.01.2026 | കേക്ക് + ബിസ്ക്കറ്റ് വാങ്ങിയത് | 1900 |
| 06.01.2026 | പ്ലാന്തോട്ടം ബിസിസിയിലെ വത്സലയ്ക്ക് | |
| | ചികിത്സാസഹായം | 25000 |
| 07.01.2026 | ആഷിക് ജോസ്, മുടന്താന്നി ചികിത്സാസഹായം | 5000 |
| 31.12.2025 | ഓർദോ 2 x 190 | 380 |
| 10.01.2026 | ഓസ്തി വാങ്ങിയത് | 1500 |
| 11.01.2026 | മേടയിൽ വാഷിംഗ് മെഷീൻ മെയിന്റനൻസ് ചാർജ് | 900 |
| | പരസ്പര സഹായനിധി 7 എണ്ണം | 12000 |
| 10.01.2026 | ക്രിസ്റ്റീൻ ധ്യാനം പത്താംകല്ല് കുട്ടികളെ | |
| | കൊണ്ടുപോയ ഓട്ടോ ചാർജ്ജ് | 460 |
| 06,13.01.26 | രോഗികൾക്ക് വിശുദ്ധ കുർബ്ബാന | |
| | നൽകുവാൻ പോയ ഓട്ടോ ചാർജ്ജ് | 600 |
| 14.01.2026 | മോൺ ജി. ക്രിസ്തുദാസ് അച്ചന്റെ ജൂബിലി | |
| | ദിനം കാരുണ്യ ഫാമിലി അഡോപ്ഷൻ | |
| | പ്രോഗ്രാമിന് സംഭാവന നൽകിയത് | 50000 |
| 17.01.2026 | ദിവ്യബലിയ്ക്ക് വന്ന വൈദീകന് റ്റി.എ. | 500 |
| 28.01.2026 | ദീപിക ദിനപത്രം നാല് മാസത്തേയ്ക്ക് | 1170 |

| | | |
|---|---|---|
| 19.01.2026 | ഫെറോന വിഹിതം അടച്ചത് | 17500 |
| 31.01.2026 | ബൈബിൾ കൺവെൻഷന് ബാലരാമപുരം കൊണ്ടുപോയ വാഹനത്തിന് അഞ്ച് ദിവസത്തേയ്ക്ക് | 7000 |
| | ഇടവക വികാരി അലവൻസ്, റ്റി.എ. (15000 + 2000) | 17000 |
| | ഉപദേശി അലവൻസ് | 4000 |
| | കപ്യാർ അലവൻസ് | 2500 |
| | സ്വീപ്പർ അലവൻസ് | 2000 |
| 23.01.2026 | പുതിയ മിക്സറിന് അനുബന്ധ സാധനങ്ങൾ വാങ്ങിയത് | 16260 |
| | **ആകെ** | **183026** |
| | മുൻമാസ നീക്കിയിരിപ്പ് | 408032 |
| | ആകെ വരവ് | 603557 |
| | തൻമാസ ചെലവ് | 183026 |
| | **ആകെ നീക്കിയിരിപ്പ്** | **4,20,531** |

തിരുനാൾ കാഴ്ചവയ്പ്പ്
ലേലം - മോന്തിവിള, മുടന്താന്നി BCC യൂണിറ്റുകൾ | ₹ 40000

# അന്ത്യയാത്ര

മൃത്യുതൻ കരങ്ങളിൽ ഞെരിഞ്ഞമർന്ന്
ഞാനെന്റെ താതനടുത്തെത്തിടുന്നൂ...
പ്രിയജനമൊന്നായി കണ്ണുനീരായ്
എൻ ചുറ്റുമിന്നിതാ നിരന്നിടുന്നൂ...

മിഴിനീർ കണങ്ങൾ പ്രാർത്ഥനാ ഗീതമായി
എൻ ശ്രവണിയിലാകെയൊഴുകിടുന്നൂ...
സ്നേഹിതരോടായി മൗനമായി
എൻ യാത്രാമൊഴി ഞാനേകിടുന്നൂ...

അന്ത്യ കുർബാനയ്ക്കായി നിൻ സവിധേ
ഞാനിതാ മൗനമായ് കിടന്നിടുന്നൂ...
ധൂപവും തിരികളും പൂക്കളുമായ്
എൻ മേനിയാകവേ പൊതിഞ്ഞിടുന്നു...

തൂവെള്ള വസ്ത്രമണിഞ്ഞിതാ ഞാൻ
കരങ്ങളിൽ കുരിശതുമേറ്റിടുന്നൂ...
ത്രിത്വൈക ദൈവമേ കരുണാനിധേ
നിൻ കാരുണ്യമെന്നിൽ ചൊരിഞ്ഞിടണേ-

മന്നിന്റെ മാറിലായ് ചെയ്തുപോയ
എൻ സകല പാപങ്ങളും ക്ഷമിച്ചിടണേ
സോദര സ്നേഹിത പ്രിയജനമേ
എനിക്കായി താതനോടപേക്ഷിക്കണേ...



**കവിത രഘു**
പുന്നയ്ക്കാവിള



2–ാം ജന്മദിനം ആഘോഷിക്കുന്ന
**ഐെറിൻ എ ക്രിസ്റ്റിയ്ക്ക്**
ജന്മദിനാശംസകൾ



70–ാം ജന്മദിനം ആഘോഷിക്കുന്ന
**ഗ്രിഗറി. പി യ്ക്ക്**
ജന്മദിനാശംസകൾ



10–ാം ജന്മദിനം ആഘോഷിക്കുന്ന
**ജോവാൻ. എ യ്ക്ക്**
ജന്മദിനാശംസകൾ



11–ാം ജന്മദിനം ആഘോഷിക്കുന്ന
**അൻവിൻ വി വരുണിന്**
ജന്മദിനാശംസകൾ



18–ാം ജന്മദിനം ആഘോഷിക്കുന്ന
**ആദിത്ത് ബി.ബി യ്ക്ക്**
ജന്മദിനാശംസകൾ



26–ാം ജന്മദിനം ആഘോഷിക്കുന്ന
**ബിബിൻ രാജിന്**
ജന്മദിനാശംസകൾ




കേരള പോലീസിന്റെ ഇന്ത്യ
റിസർവ് ബെറ്റാലിയനിലേക്ക്
നിയമനം ലഭിച്ച കെ.സി.വൈ.എം
തിരുപുറം യൂണിറ്റ് പ്രസിഡന്റ്
**ശ്രീ. ബിബിൻ രാജിന്**
തിരുപുറം വി. ഫ്രാൻസിസ് സേവ്യർ
ഇടവക കുടുംബത്തിന്റെ

**അഭിനന്ദനങ്ങൾ**

**ബിൻസി**
കാരയ്ക്കാവിള






# ക്രിസ് വോയിസ് ക്വിസ് 4
## ഉത്തരങ്ങൾ

1. പത്രോസ് (2:7)
2. ദൈവഹിതമനുസരിച്ച് (4:7)
3. പുതിയ സൃഷ്ടിയാവുക (6:15)
4. 2:20
5. ശിക്ഷ (5:10)
6. വചനം (6:6)
7. യേശുക്രിസ്തുവിന്റെ വെളിപാടിലൂടെ (1:12)
8. അബ്രാഹത്തിനും അവന്റെ സന്തതിക്കുമായിട്ടാണ് (3:16)
9. സൗമ്യതയോടെ (6:1)
10. വി. പൗലോസ് (1:13)
11. വി. ഗ്രന്ഥം (6:8)
12. നിത്യജീവൻ (6:8)
13. പാവങ്ങളെപ്പറ്റി ചിന്ത (2:10)
14. ഹാഗാർ (4:25)
15. അബ്രാഹം (3:6)
16. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക (5:14)
17. 15 (1:8)
18. സ്വതന്ത്രയുടെ (4:30)
19. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ (2:6)
20. ജഡമോഹങ്ങൾ (5:16)
21. പരിച്ഛേദനം സ്വീകരിക്കുന്ന ഓരോ മനുഷ്യനും (5:3)
22. നിയമവും (5:22)
23. നിയമാനുഷ്ഠാനത്തിൽ (3:10)
24. സ്നേഹത്തിലൂടെ (5:6)
25. യാക്കോബും കേപ്പായും യോഹന്നാനും (2:9)

# 3-ാം ചരമ വാർഷികം



# ശാന്തി. ജി

**24 മെയ് 1970 – 08 മാർച്ച് 2023**

## അനുസ്മരണ പ്രാർത്ഥന

**09.03.2026 വൈകിട്ട് 4 മണിയ്ക്ക്
തിരുപുറം വി. ഫ്രാൻസിസ് സേവ്യർ
ദൈവാലയത്തിൽ. തുടർന്ന്
ഭവനത്തിൽ പ്രാർത്ഥന ശുശ്രൂഷ.**







janani PRINT MEDIA
9747000876